₹ 5/-

# റിയൽ ലൈഫ് വോയ്സ്

# REAL LIFE VOICE

Monthly

Volume 10
Issue 12

**June 2022**

pages 24

"...വല്ലാത്തവരും ദുഷ്ടന്മാരുമായ മനുഷ്യരുടെ കയ്യിൽനിന്നു ഞങ്ങൾ വിടുവിക്കപ്പെടുവാനും ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിപ്പിൻ; വിശ്വാസം എല്ലാവർക്കും ഇല്ലല്ലോ. കർത്താവോ വിശ്വസ്തൻ; അവൻ നിങ്ങളെ ഉറപ്പിച്ച് ദുഷ്ടന്റെ കയ്യിൽ അകപ്പെടാതവണ്ണം കാത്തുകൊള്ളും"

**(2 തെസലോനിക്യർ 3:2,3)**

REAL LIFE VOICE

REAL LIFE, KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# REAL LIFE VOICE

**Volume 10 Issue 12 June 2022 pages 24 Rs.5/-**

**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Printed at:**
Chirayath Printers,
Mannuthy P.O., Tcr.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

**താത്പര്യമുള്ളവർക്ക് വരിസംഖ്യയോ സംഭാവനയോ Google Pay/PhonePe ചെയ്യാം. അല്ലെങ്കിൽ ബാ ങ്കിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യാം. ദയവായി മണി ഓർഡർ അയയ്ക്കരുത്**

*Bank:*
State Bank of India
*Branch:*
Punnamparambu
*IFS Code:*
SBIN0070342
*A/c No.:*
40447607951

**Email: reallifekottekad@gmail.com**
**Website: www.reallifevoice.in**

**Book No. 126**


## ഉള്ളടക്കം

പേജ്


- **പെരുകുന്ന പൊതുകടം** 3
- **പ്രതികരണങ്ങൾ** 6
- **ദൈവത്തിന്റെ വിശ്വസ്തത** (2) 7
- **പുതിയനിയമത്തിലൂടെ....**(30) 11
- **സദുപയോഗവും....** (8) 14
- **ഹബക്കൂക്** (4) 16
- **തമ്പേറടിയും അലർച്ചയും** 18
- **ബോനോക്കുലർ** (17) 21
- **... ദുരന്തക്കാഴ്ചകൾ** (61) 22
- **പുലിയുടെ ആക്രമണം** 24


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# പെരുകുന്ന പൊതുകടം!

ഓരോ സർക്കാരും വരുത്തിവയ്ക്കുന്ന കടമാണ് പൊതുകടം (Public Debt). വികസനപ്രവർത്തനങ്ങൾക്കും മറ്റു കാര്യങ്ങൾക്കുംവേണ്ടി സർക്കാർ പലയിടങ്ങളിൽനിന്നും പലിശയ്ക്ക് കടംവാങ്ങി പണമുണ്ടാക്കുന്നു. ഇത് തിരിച്ചടയ്ക്കേണ്ടത് പൊതുജനങ്ങളാണ്. അതുകൊണ്ടാണ് ഇതു പൊതുകടം എന്നറിയപ്പെടുന്നത്. ഓരോ സംസ്ഥാനത്തും മാറി മാറി വന്ന സർക്കാർ വികസനം നടത്തി നടത്തി വികസിച്ചത് പലപ്പോഴും പൊതുകടത്തിന്റെ ആഴമാണ് എന്നതാണ് സത്യം. ജനങ്ങളുടെ പേരിൽ കടമെടുക്കുക, നാടിന്റെ പേരിൽ കടമെടുക്കുക, എന്നിട്ട് സ്വന്തം ആസ്തിയുടെ വികസനം നടത്തുക... ഇതാണ് പലരും ചെയ്യുന്നത്. കട്ടു മുടിക്കുക എന്നു പച്ച മലയാളത്തിൽ പറയും.

**കേരളത്തിന്റെ അവസ്ഥ**

ദൈവത്തിന്റെ സ്വന്തം നാട്ടിൽ രണ്ടു മുന്നണിയും മാറിമാറി ഭരിച്ചിട്ടുണ്ട്. വികസനത്തിന്റെ പ്രഭാപൂരം രണ്ടു കൂട്ടരും അവകാശപ്പെടുന്നുമുണ്ട്. മൂന്നുലക്ഷം കോടി രൂപയിൽ അധികമാണ് കേരളത്തിന്റെ പൊതുകടം. ഈ കടം വീട്ടേണ്ടത് ഓരോ കേരളീയനുമാണ്. എന്നുവച്ചാൽ ഓരോ കേരളീയനും ഏകദേശം ഒരു ലക്ഷം രൂപം കടക്കാരനാണ്. കെ-റെയിൽ കൂടി വന്നുകഴിയുമ്പോൾ ഇത് പിന്നെയും കൂടും. രണ്ടു മുന്നണികളും ഇത്രയും കോടി രൂപയെടുത്ത് ഇവിടെ വികസനം നടത്തിയതിനാൽ കേരളീയർക്ക് വികസനം കാരണം ഇവിടെ നടക്കാൻ മേലാ എന്ന അവസ്ഥയായി!

ഒരു ചെറിയ സംസ്ഥാനമാണ് നമ്മുടേത്. ഇവിടെ കടമെടുത്ത് ഇത്രയും കോടി രൂപയുടെ വികസനം നടത്തിക്കഴിഞ്ഞു! ഇനിയും വികസനം നടത്താൻ സർക്കാർ ആഗ്രഹിക്കുന്നു. ആരും തടയരുത്. ഒരാൾ പറഞ്ഞത് ഇപ്രകാരമാണ്: ആ പാവം ബിജെപിക്കാർക്ക് കൂടി കേരളത്തിൽ വികസനം നടത്താൻ ഒരു അവസരം കൊടുക്കണം. അവരും കൂടി കുറെ തിന്നട്ടെ. സോറി, അവരും കൂടി കുറെ വികസനം നടത്തട്ടെ. രാഷ്ട്രീയക്കാരുടെ സ്വത്തിൽ വന്ന മാറ്റവും ഈ വികസനവും തമ്മിൽ ബന്ധമുണ്ടെന്നാണ് ചിലർ ആരോപിക്കുന്നത്.

**ടാക്സിന്റെ പ്രളയം**

എവിടെയും നികുതി (ടാക്സ്) കൊടുത്ത് ജനം വലയുകയാണ്. ഭൂമി വാങ്ങിയാൽ ഭൂനികുതി, അതിൽ വീടു വച്ചാൽ കെട്ടിടനികുതി, ജോലി ചെയ്താൽ പ്രൊഫഷണൽ ടാക്സ്.... കടയിൽനിന്നും വാങ്ങുന്ന ഓരോ സാധനത്തിനും നാം നികുതി കൊടുക്കുന്നുണ്ട്. പെട്രോൾ, ഡീസൽ എന്നിവ വാങ്ങുമ്പോൾ സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരും നമ്മിൽനിന്നും നികുതി ഈടാക്കുന്നുണ്ട്. സോപ്പ്, ചീപ്പ് തുടങ്ങി എന്തു വാങ്ങിയാലും അതിനു നാം നികുതി കൊടുക്കുന്നുണ്ട്. ഹോട്ടലിൽനിന്നും ഭക്ഷണം കഴിച്ചാൽ നികുതി കൊടുക്കണം. ഈ നികുതിയെല്ലാം ഇനി കൂടി വരികയേയുള്ളൂ. കാരണം പൊതുകടം കൂടിവരികയാണ്. ഇതൊക്കെ അടച്ചു വീട്ടേണ്ടത് നമ്മുടെ കടമയാണല്ലോ.

മീശക്കരം, മുലക്കരം, തലക്കരം എന്നിങ്ങനെ പണ്ട് കേരളത്തിൽ ഉണ്ടായിരുന്ന നികുതികൾ ഇന്നും രാജ്യത്തിന്റെ പല ഭാഗങ്ങളിൽ പരിഹ സിക്കപ്പെടുന്നവയും വിമർശിക്കപ്പെടുന്നവയുമാണ്. നവജാതശിശുവിന് അമ്മിഞ്ഞപ്പാൽ കൊടുക്കുന്നതിന്, അമ്മ ബ്രെസ്റ്റ് ടാക്സ് അടയ്ക്കണമാ യിരുന്നുവത്രേ! കാശ് കടംവാങ്ങി വികസനം നടത്തി നടത്തി നമ്മുടെ ഭര ണാധികാരികളെങ്ങാനും പഴയ ആ നികുതികൾ പുനരുജ്ജീവിപ്പിക്കാതിരു ന്നാൽ മതിയായിരുന്നു.

**അഴിമതിയും ധൂർത്തും**

ഭരണത്തിന്റെ ചുക്കാൻ പിടിക്കുന്നവർ അഴിമതിയും ധൂർത്തും നിർത്തി യാൽ ഈ പൊതുകടം വർദ്ധിക്കുന്നത് തടയാനെങ്കിലും കഴിയും. ചികിത്സ യ്ക്കായി അമേരിക്കയിൽ പോകുന്നത് ഇവിടെ മുന്ന് ഭരിച്ചിട്ടുള്ളവരും ഇപ്പോൾ ഭരിക്കുന്നവരും ചെയ്യുന്ന കാര്യമാണ്. ഓരോ യാത്രയിലും ചെലവു വരുന്നത് ലക്ഷങ്ങളാണ്. നാളിതു വരെ നമ്മുടെ ഭരണാധികാരികൾ (യു ഡിഎഫ് ആയാലും എൽഎഡിഎഫ് ആയാലും) വിദേശത്തു നടത്തിയ ചികിത്സകൾക്ക് വന്നിട്ടുള്ള ചെലവുകൾ മൊത്തം കൂട്ടി നോക്കിയാൽ നമ്മുടെ പൊതുകടത്തിൽ എത്ര കുറവ് വരുമെന്നു കാണാൻ കഴിയും. സുഹൃത്തേ, എന്റെയും നിന്റെയും കാശ് എടുത്താണ് ഇവരൊക്കെ പരിവാ രങ്ങളുമായി വിദേശത്ത് ചികിത്സയ്ക്ക് പോകുന്നത്.

ലക്ഷങ്ങൾ ചെലവിട്ടുകൊണ്ട് നീന്തൽക്കുളം, മുന്തിയ ഇനം കാറുകൾ, ലക്ഷങ്ങൾ ചെലവിട്ടുകൊണ്ടുള്ള പരസ്യങ്ങൾ എന്നു തുടങ്ങി പണം പോകുന്ന വഴികൾ ഏറെയാണ്. മന്ത്രിമാരുടെ പേഴ്സണൽസ്റ്റാഫ് സംബ ന്ധിച്ച് വിചിത്രമായ ഒരു കീഴ്വഴക്കമാണ് നമ്മുടെ കേരളത്തിൽ ഉ ള്ളത്.അതിലൂടെ എത്ര കോടി രൂപയുടെ നഷ്ടമാണ് നമുക്കുണ്ടായിരിക്കു

ന്നത് എന്നു ചിന്തിച്ചുനോക്കൂ. ഭരണത്തിലിരിക്കുന്നവരുടെ കേസ് വാദിക്കാൻ മണിക്കൂറിനു ലക്ഷങ്ങൾ വാങ്ങുന്ന വക്കീലിനെ വയ്ക്കുന്നു! ഇതൊക്കെ നമ്മുടെ പോക്കറ്റിൽനിന്നും അടച്ചുവീട്ടണം.

**കേരളത്തിനു മാത്രം പോരാ, കേന്ദ്രത്തിനും**

മേരെ പ്യാരേ ദേശ്‌വാസിയോം....

നാം അദ്ധ്വാനിച്ചുണ്ടാക്കുന്ന പണത്തിൽനിന്നും കേന്ദ്രത്തിനും പണം ആവശ്യമുണ്ട്. കാരണം അവിടെയും വികസനവും കക്കൂസും പ്രതിമ നിർമ്മാണവും എല്ലാമായി തകർത്താടുകയാണ്. മാർച്ച് 2022 ലെ കണക്കനുസരിച്ച് നാം ഇന്ത്യാക്കാർക്ക് 135,87,893 കോടി രൂപയാണ് കടം. അതുകൊണ്ട് പെട്രോളിന്റെയും ഡീസലിന്റെയും ഗ്യാസിന്റെയും വില കൂടുന്നതുകണ്ട് നെടുവീർപ്പിട്ടിട്ട് കാര്യമില്ല. ഈ കടമൊക്കെ നിങ്ങളും ഞാനും തന്നെ അടച്ചുതീർക്കണം. അല്ലാതെ വേറെ ആര് അടച്ചുതീർക്കാൻ?

**പണിയെടുക്കൂ, നികുതിയടയ്ക്കൂ**

ലോട്ടറിയിൽനിന്നും മദ്യത്തിൽനിന്നും ഉള്ള നികുതിയൊന്നും പോരാതെ വന്നിരിക്കുന്നു. *പണിയെടുത്തു ജീവിക്കൂ* എന്നു പറയുന്നതിനു പകരം ഇനി *പണിയെടുത്ത് നികുതിയടയ്ക്കൂ* എന്നു പറയേണ്ട അവസ്ഥയാണ് ഉള്ളത്. എല്ലാ കാര്യങ്ങൾക്കും കാശ് കൂടിക്കൊണ്ടിരിക്കുന്നു എന്നു പതം പറയരുത്. ഇക്കണ്ട കടമൊക്കെ നമുക്കു തീർക്കേണ്ടതല്ലേ? നമ്മുടെ സർക്കാരുകൾ നമ്മെ വിശ്വസിച്ചാണ് ഈ കടമെല്ലാം എടുക്കുന്നത്. ഓരോ സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരും ഇവിടെ വികസനം നടത്തിയത് കാണാനില്ലേ? (സൂക്ഷിച്ചു നോക്കൂ; വല്ലതും കാണുന്നുണ്ടോ?)

**പൊതുജനത്തിനുള്ള സന്ദേശം**

ലക്കും ലഗാനുമില്ലാതെ കടമെടുത്ത് പലതും ചെയ്തുകൂട്ടുന്ന സർക്കാരുകൾ പൊതുജനത്തിനു നൽകുന്ന സന്ദേശം എന്താണ്? വരുംവരായ്കൾ ചിന്തിക്കാതെ കടമെടുത്ത് ഓരോന്നു ചെയ്തുകൂട്ടാൻ തന്നെ. ഈ സന്ദേശം ഭംഗിയായി പൊതുജനം പലരും സ്വീകരിച്ചിട്ടുമുണ്ട്. യാതൊന്നും ചിന്തിക്കാതെ കടമെടുത്ത് ബിസിനസ്സ് വികസിപ്പിച്ചവരിൽ ചിലരുടെ വീടിന്റെ വാതിൽക്കൽ ബാങ്കുകാർ നോട്ടീസ് പതിച്ചുപോയിട്ടുണ്ട്. മറ്റു ചിലർ ആത്മഹത്യ ചെയ്തു. ചിലർ ജയിലിൽ ആയി.

മണ്ടന്മാരായ പൊതുജനമേ, ഇങ്ങനെ കടമെടുത്തു കൂട്ടരുത്. നീ കടമെടുത്താൽ നീ തന്നെ അത് വീട്ടണം. സർക്കാർ കടമെടുത്താലും നീ അത് വീട്ടണം. സർക്കാരിന്റെ കടം തന്നെ വീട്ടുവാൻ വേണ്ടുവോളം ഉള്ളപ്പോൾ കൂടുതൽ കടമെടുത്തു കൂട്ടല്ലേ, പൊന്നേ!

**(എംവിഎസ്)**

# പ്രതികരണങ്ങൾ

**നിങ്ങളുടെ പ്രതികരണങ്ങൾ sms ആയോ, email ആയോ WhatsApp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കാം. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.**

**ഫോൺ: 95 44 557 557**

## Philip Memedam, Kalappakada, Kollam

*റിയൽ ലൈഫ് വോയ്സിൽ* എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് സി. വി. താരപ്പനെക്കുറിച്ചുള്ള ലേഖനപരമ്പരയാണ്. അദ്ദേഹത്തെപ്പറ്റി ഞാൻ യാതൊന്നും കേട്ടിട്ടുപോലുമില്ല. പക്ഷേ മൺമറഞ്ഞുപോയ ആ ദൈവദാസനെപ്പറ്റി മാസികയിൽ വിശദമായി കൊടുത്തതു മനോഹരമായിരുന്നു. മലയാളത്തിലെ ആദ്യത്തെ സഭാചരിത്രം അദ്ദേഹത്തിന്റേതാണെന്നു വായിച്ചു. ആ സഭാചരിത്രമുൾപ്പെടെയുള്ള അദ്ദേഹത്തിന്റെ മുഴുവൻ പുസ്തകങ്ങളും ഗാനങ്ങളും ആരെങ്കിലും പുനപ്രസിദ്ധീകരണം നടത്തിയാൽ കൊള്ളാമായിരുന്നു.


**എം. വി. സെബാസ്റ്റ്യൻ എഴുതിയ പുസ്തകങ്ങൾ**

1. വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. സത്യം തേടിയുള്ള അന്വേഷണം 3. കുടുംബജീവിതം 4. മൂപ്പൻ
5. ഓബദ്യാവ് (പുസ്തകപഠനം) 6. മീഖാ (പുസ്തകപഠനം)
7. മൂലഭാഷകളൂടെ സൗന്ദര്യം 8. ചോദ്യവും ഉത്തരവും
9. ഖുർആൻ: ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
10. ചിന്തകൾ പന്തങ്ങളാകുമ്പോൾ (എന്റെ ഡയറിക്കുറിപ്പുകൾ)
11. മഹാകവി കെ. വി. സൈമൺ
12. തിരുവട്ടാർ കൃഷ്ണൻകുട്ടി: പ്രസംഗപീഠത്തിലെ ബാലസിംഹം
13. സൺഡേസ്കൂൾ പാഠങ്ങൾ (ഭാഗം 1) 14. സഭ
15. ഇമ്മാനുവിന്റെ സംശയങ്ങൾ 16. തലമുറകൾ

**എല്ലാ പുസ്തകങ്ങളും നമ്മുടെ വെബ്സൈറ്റിലുണ്ട്**

**www.reallifevoice.in**

# ദൈവത്തിന്റെ വിശ്വസ്തത

## [ FAITHFULNESS OF GOD ]

സാഗറിലെ സുവിശേഷകനായിരുന്ന ഡോ. റ്റി. എ. കുരിയന്റെ ജീവചരിത്രം

**Prof. T. John Mathew**

പരിഭാഷ: എം. വി. സെബാസ്റ്റ്യൻ

2

### അദ്ധ്യായം ഒന്ന്: ജനനവും വീണ്ടുംജനനവും

**ഡോ. റ്റി. എ. കുരിയൻ (1920–2007):**

**50–തിലധികം വർഷങ്ങൾ മദ്ധ്യപ്രദേശിലെ സാഗർ കേന്ദ്രമാക്കിക്കൊണ്ട് സുവിശേഷവേല ചെയ്തു. ഹിന്ദിയിൽ 1036 പേജുകളുള്ള 'യീശു ചരിത മാനസ്' എന്ന മഹാകാവ്യം രചിച്ചു.**

**അദ്ദേഹത്തിന്റെ മക്കൾക്കും കൊച്ചുമക്കൾക്കും ഇതു വായിച്ചുമനസ്സിലാക്കാൻ കഴിയണമെന്നാഗ്രഹിച്ചതിനാൽ ഇതിന്റെ രചന ഇംഗ്ലീഷിലാണ് ഗ്രന്ഥകർത്താവ് നിർവ്വഹിച്ചത്. കേരളത്തിലെ വിശ്വാസികൾക്കുവേണ്ടി അത് പരിഭാഷപ്പെടുത്തി ഇവിടെ പ്രസിദ്ധീകരിക്കുന്നു. (എഡിറ്റർ)**

മനുഷ്യരുടെ ജീവിതം അവർ ജീവിക്കുന്ന യുഗത്തിനാൽ (കാലഘട്ടത്തിനാൽ) രൂപപ്പെടുന്നുവെന്നും, അതുപോലെ തന്നെ ആ യുഗങ്ങൾ അവ വളർത്തിയെടുത്ത മനുഷ്യരാൽ രൂപപ്പെടുന്നുവെന്നും പറയുന്നത് എത്രയോ സത്യമാണ്! വലിയ ദൈവദാസന്മാരായ ജോൺ വിക്ലിഫ്, ജോൺ ഹസ്സ്, സാവനാറോള, മാർട്ടിൻ ലൂഥർ എന്നിങ്ങനെ അനേകരിലൂടെയാണ് നവീകരണത്തിന്റെ കാലഘട്ടം രൂപംകൊണ്ടത്; അവർ ഇങ്ങനെയൊക്കെ ആയിത്തീർന്നതോ അത് അവർ ജീവിച്ച കാലഘട്ടം നിമിത്തവും ആയിരുന്നു.

50–തിലധികം വർഷങ്ങൾ മദ്ധ്യപ്രദേശിലെ സാഗറിൽ മിഷനറിയായി വേല ചെയ്ത ശ്രീ. കുര്യന്റെ കാര്യത്തിൽ ഇതു തികച്ചും ശരിയാണ്. കാരണം 19–ാം നൂറ്റാണ്ടിന്റെ അവസാന പകുതിയിലും 20–ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലും കേരളത്തിൽ അനേകരുടെ ഹൃദയങ്ങളെ പ്രകാശിപ്പിച്ച ആത്മികഉണർവ്വാണ് അദ്ദേഹത്തെ രൂപപ്പെടുത്തിയെടുത്തത്. തന്റെ ഭവനത്തെയും പ്രിയപ്പെട്ടവരെയും വിട്ട് ദൂരെയുള്ള ഒരു സ്ഥലത്ത് തന്റെ യജമാനന്റെ വിശ്വസ്തത

യിൽ മാത്രം ആശ്രയിച്ച് 50 വർഷത്തിലധികം ആ യജമാനനെ സേവിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞത് അതുകൊണ്ടാണ്.

**കുടുംബപശ്ചാത്തലം**

1920 നവംബർ 2-ാം തീയതി പത്തനംതിട്ടയിലെ പെരുംപെട്ടി എന്ന സ്ഥലത്ത് ശ്രീ. കുര്യൻ ജനിച്ചു. മാതാപിതാക്കളും ബന്ധുക്കളും സുഹൃത്തുക്കളും അദ്ദേഹത്തെ വാത്സല്യത്തോടെ കുഞ്ഞച്ചൻ എന്നാണ് വിളിച്ചിരുന്നത്. അദ്ദേഹത്തിന്റെ പിതാവ് എഴുമറ്റൂരിലെ തൈപ്പറമ്പിൽ കുടുംബത്തിലെ ശ്രീ. ടി. കെ. എബ്രഹാം (അവറാച്ചൻ) ആയിരുന്നു. റാന്നിയിലെ മണ്ണിൽകുടുംബാംഗമായ അന്നമ്മയായിരുന്നു മാതാവ്. കുഞ്ഞച്ചന്റെ (കുര്യന്റെ) വലിയപ്പൻ (grandfather) കൊച്ചൂഞ്ഞച്ചൻ ആയിരുന്നു; അദ്ദേഹത്തിന്റെ ഔദ്യോഗികനാമം കുര്യൻ എന്നായിരുന്നു. വലിയമ്മയാകട്ടെ (grandmother) തിരുവല്ലയിൽനിന്നും അധികം ദൂരെയല്ലാത്ത പാണ്ടനാട് എന്ന സ്ഥലത്തുള്ള ഒരു പരമ്പരാഗത ക്രിസ്തീയകുടുംബത്തിൽപ്പെട്ട മറിയാമ്മ ആയിരുന്നു.

പട്ടത്വസഭയിൽപ്പെട്ട മാതാപിതാക്കളുടെ മൂന്നു ആൺമക്കളിൽ ഇളയവനായിരുന്നു കൊച്ചൂഞ്ഞച്ചൻ. 19-ാം നൂറ്റാണ്ടിന്റെ രണ്ടാംപകുതിയിൽ, മധ്യതിരുവിതാംകൂറിൽ (കേരളത്തിന്റെ ദക്ഷിണാർദ്ധം) ഉണ്ടായ ആത്മിക ഉണർവ്വിന്റെ കാലഘട്ടത്തിൽ കൊച്ചൂഞ്ഞച്ചനും ഭാര്യയും വിശ്വാസത്താലുള്ള രക്ഷയെന്ന സത്യോപദേശം പഠിക്കുകയും അത് സ്വീകരിക്കുകയും ചെയ്തു. വൈകാതെ തന്നെ അവർ സ്നാനമേൽക്കുകയും ദൈവവചന പ്രകാരമുള്ള ആരാധനായോഗങ്ങളിൽ പങ്കെടുക്കാൻ ആരംഭിക്കുകയും ചെയ്തു.

അവർ സ്വീകരിച്ച ഇത്തരം നടപടികൾ നിമിത്തം ബന്ധുക്കളും സുഹൃത്തുക്കളും അവരിൽനിന്നും അകലാൻ കാരണമായി. പരമ്പരാഗത സഭയും വിശ്വാസവും ഉപേക്ഷിച്ചതിന്റെ ഫലമായി അവർക്ക് നിരവധി ബുദ്ധിമുട്ടുകൾ സഹിക്കേണ്ടി വന്നു. എങ്കിലും അവർ അവരുടെ പുതിയ വിശ്വാസത്തിൽ ഉറച്ചുനിന്നു. ദൈവം അവർക്കു കുഞ്ഞുങ്ങളെ നൽകിയപ്പോൾ, പാരമ്പര്യക്രിസ്ത്യാനിത്വത്തിന്റെ പ്രധാന ഉപദേശമായ ശിശുസ്നാനത്തെക്കുറിച്ച് അവർ ചിന്തിച്ചേയില്ല. അങ്ങനെ അവരുടെ നാലുമക്കളിൽ (ശോശമ്മ, അവറാച്ചൻ, യോഹന്നാച്ചൻ, റാഹേലമ്മ) ആർക്കും ശിശുസ്നാനം നൽകിയില്ല. അവർ വളർന്നപ്പോൾ അവരുടെ മാതാപിതാക്കളിൽനിന്നും, വചനം പ്രസംഗിക്കാൻ കഴിവുള്ള സഭയിലെ മറ്റു ചിലരിൽനിന്നും ദൈവവചനത്തെക്കുറിച്ചുള്ള അടിസ്ഥാന അറിവ് നേടാൻ അവർക്കു കഴിഞ്ഞു.

കൊച്ചൂഞ്ഞച്ചൻ അക്ഷരാഭ്യാസമുള്ളവനും ബൈബിൾ വായിക്കാനും സുവിശേഷം പ്രസംഗിക്കാനും കഴിവുള്ളവനും ആയിരുന്നുവെങ്കിലും, അദ്ദേഹത്തിന്റെ ഭാര്യ മറിയാമ്മ അക്ഷരാഭ്യാസമില്ലാത്തവളായിരുന്നു. പക്ഷേ മറിയാമ്മയ്ക്ക് ബൈബിളിലെ ധാരാളം വാക്യങ്ങൾ മനഃപാഠമായി അറിയാമായിരുന്നു. മാത്രമല്ല അവൾ യേശുക്രിസ്തുവിന്റെ ധീരസാക്ഷി യുമായിരുന്നു. മറ്റുള്ളവരോട്, പ്രത്യേകിച്ചും അവിശ്വാസികളോട്, സുവി ശേഷങ്ങളിൽനിന്നും അപ്പൊസ്തലപ്രവൃത്തികളിൽനിന്നും വാക്യങ്ങൾ ഉദ്ധരിച്ച് അവൾ സംസാരിക്കുന്ന വിധം കണ്ടാൽ, അവൾ ബൈബിൾ നന്നായി അറിയാവുന്നവളും നല്ലൊരു വായനക്കാരിയും ആണെന്ന ധാരണ മറ്റുള്ളവർക്കുണ്ടാകുമായിരുന്നു.

പക്ഷേ സത്യത്തിൽ ബൈബിളിലെ ഒരു വാക്യം പോലും വായി ക്കാൻ അവൾക്കു കഴിയുമായിരുന്നില്ല. എന്നാൽ അവളുടെ ബൈബി ളിലെ അറിവ് വച്ചുനോക്കുമ്പോൾ അക്ഷരാഭ്യാസമുള്ള പലരേക്കാളും കൂടുതൽ പഠിച്ചവളായി അവൾ കാണപ്പെട്ടു. അവളുടെ സംഭാഷണങ്ങ ളിൽ വളരെ കരുത്തോടും ധൈര്യത്തോടും കൂടി അവൾ കർത്താവിനെ സാക്ഷിക്കുമായിരുന്നു. ഏതെങ്കിലും ഒരു വ്യക്തി അവളുടെ വീട്ടിൽ ചെന്നാൽ, "മറ്റൊരുത്തനിലും രക്ഷ ഇല്ല; നാം രക്ഷിക്കപ്പെടുവാൻ ആകാ ശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല" (അപ്പൊ.പ്രവൃ.4:12) എന്ന വാക്യം അവളിൽനിന്നും കേൾക്കാതെ പോകാൻ കഴിയുമായിരുന്നില്ല.

കുടുംബത്തിന്റെ ഏകവരുമാനമാർഗ്ഗം കൃഷിയായിരുന്നതിനാൽ കൊച്ചൂഞ്ഞച്ചനും മറിയാമ്മയും അവരുടെ കൃഷിയിടത്തിൽ ഏറെ നേരം ചെലവഴിച്ച് കഠിനാദ്ധ്വാനം ചെയ്യുമായിരുന്നു. തങ്ങളുടെ മക്കളെ നല്ല കർഷകരും, ബൈബിൾ വായിക്കാനും ആത്മികഗീതങ്ങൾ ഉറക്കെ പാടു വാനും കഴിവുള്ള നല്ല ദൈവമക്കളും ആക്കുക എന്ന ലക്ഷ്യത്തോടെ യാണ് അവർ വളർത്തിയത്. അതനുസരിച്ച് നാലു മക്കളെയും സ്കൂളിൽ അയയ്ക്കുകയും അവരെ മലയാളത്തിന്റെയും ഗണിതത്തിന്റെയും അടി സ്ഥാനകാര്യങ്ങൾ പഠിപ്പിക്കുകയും ചെയ്തു.

എഴുതാനും വായിക്കാനും കണക്കുകൂട്ടലുകൾ നടത്താനും ആവശ്യ മായ കഴിവ് അവർക്കു ലഭിച്ചുകഴിഞ്ഞപ്പോൾ, സ്കൂളിൽ പോകുന്നത് നിർത്താൻ അവരെ ഉപദേശിക്കുകയും വീട്ടുജോലികൾ ഏറ്റെടുക്കാനും കൃഷിയിടത്തിൽ പിതാവിനെ സഹായിക്കാനും അവരോടു ആവശ്യപ്പെടു കയും ചെയ്തു. മക്കൾ കാർഷികജോലിയിൽ തത്പരരായിരുന്നതിനാൽ സ്കൂൾവിദ്യാഭ്യാസം തുടരാൻ അനുവദിക്കണമെന്നു അവർ ശഠിച്ചുമില്ല.

വാസ്തവത്തിൽ കുഞ്ഞച്ചന്റെ (റ്റി. എ. കുര്യന്റെ) പിതാവ് അവറാച്ചൻ കൃഷിപ്പണിയിൽ അതീവ തത്പരനായിരുന്നു. അവറാച്ചന് കേവലം രണ്ടു വയസ്സു മാത്രമുള്ളപ്പോൾ പോലും കൃഷിപ്പണിയിൽ താത്പര്യം പ്രകടിപ്പിച്ചിരുന്നുവത്രേ! രണ്ടു വയസ്സുള്ളപ്പോൾ തന്റെ പിതാവിന്റെ തൂമ്പയുമെടുത്ത് മണ്ണിൽ കുഴിക്കുന്ന സ്വഭാവം അദ്ദേഹത്തിനു ഉണ്ടായിരുന്നതായി അദ്ദേഹത്തിന്റെ അമ്മ പറയുമായിരുന്നു. അതുകൊണ്ട് സ്കൂളിൽ പോകുന്നത് നിർത്തുവാനും അപ്പനെ കൃഷിയിൽ സഹായിക്കാനും ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം അത് സന്തോഷത്തോടുകൂടി സ്വീകരിച്ചു.

**(തുടരും)**


## S M TRUST WORKS

**ട്രസ്റ്റ് രജിസ്ട്രേഷൻ നടത്തുന്നതിനു ബന്ധപ്പെടുക**

Church Registration... All kinds of trust registration...
Anywhere in India

Contact: 94 95 44 65 04



**അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു**

വിശ്വസിച്ച്, സ്നാനമേറ്റ യുവാവ്. വയസ്സ്: 31, ഉയരം: 6'1", UK -യിൽനിന്നും ബിരുദം. BEng (Hons) Mechanical Engineering. ബാംഗ്ലൂരിൽ ഐടി മേഖലയിൽ Management professional ആയി ജോലി ചെയ്യുന്നു.

**Elder's Phone Number: 93 88 55 2001**


നിങ്ങൾക്ക് എത്ര നാളായി ഈ മാസിക കിട്ടുന്നുണ്ട്? ഈ മാസികയെക്കുറിച്ചുള്ള നിങ്ങളുടെ പ്രതികരണം ഒരിക്കലെങ്കിലും നിങ്ങൾ അറിയിച്ചിട്ടുണ്ടോ? മാസികാപ്രവർത്തനത്തിനായി നിങ്ങൾ പണം അയച്ചു തരണമെന്നു ഞങ്ങൾ പറയില്ല. പണമല്ല ഞങ്ങൾ നിങ്ങളിൽനിന്നു പ്രതീക്ഷിക്കുന്നത്, പ്രതികരണമാണ്. അനുകൂലമായാലും പ്രതികൂലമായാലും നിങ്ങളുടെ പ്രതികരണങ്ങൾ അറിയിക്കുക. (എഡിറ്റർ)

# പുതിയനിയമത്തിലൂടെ

# (30) യാത്രചെയ്യുമ്പോൾ...

**എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

**നാലാം ഭാഗം: പക്ഷികൾ**

**2. കുരികൽ** (മത്തായി 10:29)

കുരികിൽ എന്നതിനേക്കാൾ കുരുവി എന്ന വാക്കാണ് നാം പൊതുവെ ഉപയോഗിക്കാറുള്ളത്. എന്നാൽ 'കുരുവി' തമിഴും, 'കുരികിൽ' മലയാളവുമാണത്രേ! (Ref: ശബ്ദതാരാവലി). ഇംഗ്ലീഷ്ബൈബിളുകളിൽ sparrow എന്നു കൊടുത്തിരിക്കുന്നു. മത്തായി 10:29,31; ലൂക്കൊസ് 12:6,7 എന്നിങ്ങനെ രണ്ടു സന്ദർഭങ്ങളിലായി ആകെ നാലു വാക്യങ്ങൾ മാത്രമാണ് കുരികിലിനെക്കുറിച്ച് പുതിയനിയമത്തിലുള്ളത്. മനുഷ്യരെ ഭയപ്പെടരുതെന്നും, വാസ്തവത്തിൽ നാം ഭയപ്പെടേണ്ടത് ദൈവത്തെ മാത്രമാണെന്നും പറഞ്ഞ്, അത് വിശദീകരിക്കുന്നതോടുള്ള ബന്ധത്തിലാണ് കുരികിലിനെക്കുറിച്ച് കർത്താവ് പറഞ്ഞത്.

**ഒരു കാശിനു രണ്ടു കുരികിൽ** (മത്തായി 10:29)

കാശ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് തീരെ മൂല്യം കുറഞ്ഞ റോമൻനാണയമാണ്. ഒരു കാശിന് രണ്ടു കുരികിലിനെ വാങ്ങാം. അത്രയും 'ചീപ് റേയ്റ്റ്' (cheap rate)-നു കുരികിലിനെ ലഭിക്കും. അതിന് തീരെ വിലയില്ലെന്നു മാത്രമല്ല, വലിപ്പവുമില്ല. പാവപ്പെട്ടവന്റെ ഭക്ഷണമാണത്. വിപണിയിൽ ധാരാളം ലഭ്യമായതുകൊണ്ടാണ് അതിനു വിലയില്ലാതായത്. അതിനെ പിടിക്കാൻ വളരെ എളുപ്പമായതുകൊണ്ടാണ് അത് മാർക്കറ്റിൽ സുലഭമായി കിട്ടുന്നത്. ബലഹീനമായ ജീവിയായതുകൊണ്ടാണ് അതിനെ പിടിക്കാൻ എളുപ്പമായത്. അപ്പോൾ കുരികിൽ ചെറുതും, വിലയില്ലാത്തതും, ബലഹീനമായതുമായ പക്ഷിയാണ്.

**രണ്ടു കാശിനു അഞ്ചു കുരികിൽ** (ലൂക്കൊസ് 12:6)

ഒരു കാശിനു രണ്ടു കുരികിൽ എന്ന കണക്ക് വച്ചു നോക്കുമ്പോൾ രണ്ടു കാശിന് നാലു കുരികിലിനെയാണ് കിട്ടേണ്ടത്. പക്ഷേ അഞ്ചു കുരികിലിനെ ലഭിക്കുന്നു. ഒരെണ്ണം ഫ്രീ ആണ്. ഒരു പാവപ്പെട്ടവൻ വന്ന് രണ്ടു കാശിനു അഞ്ചു കുരികിലിനെ വാങ്ങുന്നു എന്നു കരുതുക.

അതിൽ നാല് കുരികിലിന് തീരെ ചെറിയ ഒരു വിലയെങ്കിലുമുണ്ട്; അഞ്ചാമത്തെ കുരികിലിനോ വില വട്ടപ്പൂജ്യം! ഈ ഭൂമിയിൽ ജനിച്ച്, ജീവിച്ച്, പാറിനടന്ന്... അവസാനം ഈ സമൂഹത്തിന്റെ മുമ്പിൽ തുച്ഛമായ ഒരു വില പോലും ആ കുരികിലിനു ലഭിച്ചില്ല. എന്തൊരു ജീവിതം! ധന വാന്റെ പടിപ്പുരയിലെ ലാസറിൽ അങ്ങനെയൊരു കുരികിലിനെ കാണാൻ നമുക്കു കഴിയില്ലേ?

**അവയിൽ ഒന്നിനെപ്പോലും ദൈവം മറന്നുപോകുന്നില്ല** (ലൂക്കൊസ് 12:6)

ആ അഞ്ച് കുരികിലുകളിൽ ഒന്നിനെപ്പോലും ദൈവം മറന്നുപോകു ന്നില്ല. അതായത്, ഫ്രീ ആയി ലഭിക്കുന്ന ആ കുരികിലിനെപ്പോലും ദൈവം മറന്നുപോകുന്നില്ല. മനുഷ്യൻ വിലയിടാതെ സൗജന്യമായി കൊടുക്കുന്ന ആ കുരികിലിനെപ്പോലും ദൈവം ശ്രദ്ധിക്കുന്നു; കരുതുന്നു. ദൈവം സമ്മതിക്കാതെ ആ കുരികിൽ പോലും നിലത്തു വീഴുകയില്ല (മ ത്തായി 10:29).

**ആകയാൽ ഭയപ്പെടേണ്ട** (മത്തായി 10:31)

മാർക്കറ്റിൽ സുലഭമായി ലഭിക്കുന്ന ആയിരമായിരം കുരികിലുകളിൽ, രണ്ടു കാശിനു വാങ്ങുന്നവർക്ക് ഫ്രീ ആയി കൊടുക്കുന്ന മൂല്യം നഷ്ട പ്പെട്ട കുരികിലുകളെ വരെ ശ്രദ്ധിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ദൈവമാണ് നമ്മുടേത്. പിന്നെന്തിന് നാം ഭയപ്പെടണം? ഭാവിയെ ഓർത്ത് വ്യാകുലപ്പെടണം? നമ്മെ അലട്ടുന്ന ചിന്താഭാരങ്ങളുമായി നടുവൊടിഞ്ഞു നടക്കണം?

പ്രിയ വിശ്വാസി, താങ്കൾ തലയുയർത്തി നിൽക്കൂ. നമ്മുടെ മുമ്പാകെ യുള്ള പ്രശ്നങ്ങളെയും സുവിശേഷവിരോധികളെയും ഭയപ്പെടാതിരിക്കൂ. ദൈവം നമ്മെ കാണുന്നു, ശ്രദ്ധിക്കുന്നു, പരിപാലിക്കുന്നു, നമ്മുടെ ജീവന് ഒരു അവധി വച്ചിരിക്കുന്നു. ദൈവം അറിയാതെ, സമ്മതിക്കാതെ, നാം വീഴുകയില്ല (മരിക്കയില്ല). ദൈവം അനുവദിക്കുന്ന സമയം അത് എന്നായാലും നമുക്കു വിരോധമില്ല. സ്തെഫാനോസ് തന്റെ യുവത്വ ത്തിൽ മരിച്ചുവീണു; പക്ഷേ പത്രൊസ് തന്റെ വാർദ്ധക്യകാലത്താണ് മരി ച്ചത്. എല്ലാം ദൈവം നിശ്ചയിക്കട്ടെ; നാം ഭയപ്പെടാതിരിക്കുക.

**നിങ്ങളുടെ തലയിലെ മുടിപോലും എല്ലാം എണ്ണിയിരിക്കുന്നു** (ലൂ ക്കൊ. 12:7)

കുരികിലിനെ ശ്രദ്ധിക്കുന്ന ദൈവം നമ്മുടെ തലയിലെ മുടി പോലും എണ്ണുകയും ശ്രദ്ധിക്കുകയും ചെയ്യുന്നു. മുടി വല്ലാതെ കൊഴിയുന്നു

എന്നും പറഞ്ഞ് പരിഭവിക്കുന്ന സഹോദരിമാരേ കേൾക്കുക: നിങ്ങളുടെ തലയിലെ ഓരോ മുടിയും കൊഴിയുന്നത് ദൈവത്തിന്റെ അറിവോടെയാണ്. നിങ്ങൾ തീർച്ചയായും മുടിയുടെ 'ആരോഗ്യം' ശ്രദ്ധിക്കണം. ദൈവം പോലും നമ്മുടെ മുടിക്ക് മൂല്യം കൊടുക്കുന്നുണ്ടെങ്കിൽ നാമും മൂല്യം കൊടുക്കേണ്ടതാണല്ലോ. അതുകൊണ്ട് മുടിയെ സംരക്ഷിക്കാൻ ആവുന്നതെല്ലാം ചെയ്തോളുക. എന്നിട്ടും മുടി കൊഴിയുന്നുണ്ടെങ്കിൽ വിഷമിക്കേണ്ടതില്ല. അത് ദൈവത്തിന്റെ ഹിതപ്രകാരം കൊഴിയുന്നതാണ്.

ഇതെഴുതുന്ന എന്റെ തലയിൽ അധികം മുടിയൊന്നുമില്ല. തലയുടെ വശങ്ങളിലും പുറകുവശത്തും ഒരല്പം; അത്രമാത്രം. അതിലെനിക്ക് യാതൊരു പരിഭവവുമില്ല; പരിഭവിച്ചിട്ടു കാര്യവുമില്ല. എന്റെ തലയിൽ ഒരു കാലത്ത് ഇഷ്ടം പോലെ മുടിയുണ്ടായിരുന്നു. സ്കൂൾജീവിതകാലത്ത് അന്നത്തെ പൊതുവായ രീതി അനുസരിച്ച് ഹിപ്പി ആയിട്ടാണ് ഞാൻ നടന്നിരുന്നത്. പക്ഷേ ഇന്ന് എന്റെ തലയിൽ ഇത്ര മുടി മതി എന്നു തീരുമാനിച്ചു. ആര്? എന്റെ ദൈവം. അതിൽ ഞാൻ സംതൃപ്തനാണ്. ദൈവമുമ്പാകെ നന്ദിയുള്ളവനുമാണ്. എന്റെ തലയിൽനിന്നും കൊഴിഞ്ഞുവീണ ഓരോ മുടിയും എന്റെ ദൈവത്തിന്റെ അനുവാദത്തോടെയാണ് കൊഴിഞ്ഞത് എന്ന ചിന്ത എന്നെ ആവേശം കൊള്ളിക്കുന്നുണ്ട്.

**ഏറിയ കുരികിലിനേക്കാളും നിങ്ങൾ വിശേഷതയുള്ളവർ** (ലൂക്കൊസ് 12:7)

"you are more valuable than many sparrows" (NASB). ധാരാളം കുരികിലിനേക്കാൾ നാം വിലയുള്ളവരാണെന്ന്! മനുഷ്യൻ മൂല്യം കാണാത്ത കുരികിലിനെ വരെ സംരക്ഷിക്കുന്ന ദൈവം, നമ്മെ എത്ര മൂല്യമുള്ളവരായി കാണുന്നു! അതുകൊണ്ട് നാം ഭയപ്പെടേണ്ട; മനുഷ്യനെ പേടിക്കേണ്ട; മനുഷ്യൻ നമ്മെ ചവറ് എന്നു എണ്ണുന്നതു കണ്ട് നിരാശപ്പെടേണ്ടതില്ല. ദൈവം നമ്മെ വിലമതിക്കുന്നു.

മനുഷ്യരുടെ മുമ്പിൽ കർത്താവിനെ ഏറ്റുപറയുന്നതിൽ ഒരാളും ലജ്ജിക്കേണ്ടതില്ല. അതുകൊണ്ടു വരുന്ന സകല മാനക്കേടുകളും ദൈവത്തിൽ ദൃഷ്ടിയുറപ്പിച്ച് മറക്കുക. എന്തെന്നാൽ, നാം സമൂഹത്തിൽ കുരികിലിനെപ്പോലെ ചെറുതും, വിലയില്ലാത്തതും, ബലഹീനമായതും ആണെങ്കിലും നമ്മെ വിലമതിക്കുന്ന, നമുക്ക് ബലം തരുന്ന, വലിയവനായ ദൈവം നമ്മോടുകൂടെ ഉണ്ട്. വെറുതെയല്ല ഒന്നാം നൂറ്റാണ്ടിലെ പത്രൊസ്, യോഹന്നാൻ എന്നീ 'കുരികിലുകളുടെ' ധൈര്യം കണ്ട് ന്യായാധിപസംഘം അന്തം വിട്ടു നിന്നുപോയത് (അപ്പൊ.പ്രവൃ.4:13).

**(തുടരും)**

**മൊബൈൽഫോൺ, കമ്പ്യൂട്ടർ**

# സദുപയോഗവും ദുരുപയോഗവും

**പ്രൊഫ. ടി. ജോൺ മാത്യു**

8

പഞ്ചാബിൽ ലുധിയാനയിലുള്ള ഒരു യുവാവും കേരളത്തിൽ കോട്ടയത്തുള്ള ഒരു യുവതിയും തമ്മിൽ മൊബൈൽഫോൺ ഉപയോഗിച്ച് ചാറ്റിംഗ് അല്ലെങ്കിൽ രഹസ്യസംഭാഷണം നടത്തുമ്പോൾ, അവർ ഇരുവരും മറ്റാരുടെയും സാന്നിദ്ധ്യമില്ലാത്ത, അടച്ചിട്ട ഒരു മുറിയിൽ അടുത്തടുത്ത് ഇരുന്നുകൊണ്ട് രഹസ്യസംഭാഷണം നടത്തുന്ന പ്രതീതിയാണ് അനുഭവപ്പെടുക. ഈ അവസ്ഥ തുടർന്നുകൊണ്ടിരിക്കുമ്പോൾ അത് അവരുടെ മാനസികലോകങ്ങളെ ചുരുക്കി ചുരുക്കി മറ്റാർക്കും സ്ഥാനമില്ലാത്തതും അരുതാത്ത കാര്യങ്ങൾക്കും അബദ്ധചിന്തകൾക്കും മാത്രം സ്ഥാനമുള്ള ഇടങ്ങളുമാക്കിത്തീർക്കും.

അവരുടെ മനസ്സിന്റെ ഉള്ളിൽ തോന്നുന്ന, അരുതാത്ത കാര്യം രഹസ്യത്തിൽ ചെയ്തുകൊണ്ടിരിക്കുന്നു എന്ന കുറ്റബോധം വിഷാദരോഗത്തിനും ഒരു പക്ഷേ കൂടുതൽ ഗുരുതരമായ മാനസിക പ്രശ്നങ്ങൾക്കും കാരണമായിത്തീർന്നെന്നും വരാം. ഏതായാലും ഈ അവസ്ഥ അവരിൽ യാഥാർത്ഥ്യബോധം ഇല്ലാതാക്കി അവരുടെ മാനസികാരോഗ്യം നശിപ്പിക്കുമെന്നതിനു യാതൊരു സംശയവുമില്ല.

ഇങ്ങനെയൊന്നും സംഭവിക്കാതിരിക്കണമെങ്കിൽ എന്താണ് ചെയ്യേണ്ടത്? ആൺകുട്ടികളും പെൺകുട്ടികളും തമ്മിലും ഭാര്യാഭർത്താക്കന്മാരല്ലാത്ത സ്ത്രീകളും പുരുഷന്മാരും തമ്മിലും കമ്പ്യൂട്ടറോ മൊബൈൽ ഫോണോ ഉപയോഗിച്ച് അന്യോന്യം ആശയവിനിമയം ചെയ്യുകയോ സന്ദേശങ്ങൾ കൈമാറുകയോ ചെയ്യുമ്പോൾ അതു രഹസ്യമായിരിക്കണം എന്നു അവർ ഒരിക്കലും ആഗ്രഹിക്കരുത്. ആരെല്ലാം അറിഞ്ഞാലും ആരെല്ലാം കേട്ടാലും എന്റെ പേരിൽ ഒരു കുറ്റവും പറയാനുള്ള പഴുത് ഉണ്ടായിരിക്കാൻ ഇടയാകരുത് എന്ന മനോഭാവത്തോടുകൂടിത്തന്നെയാണ് ഈ മാർഗ്ഗങ്ങൾ ഉപയോഗിച്ച് അവർ സന്ദേശങ്ങൾ കൈമാറേണ്ടത്.

അവർ കൈമാറുന്ന സന്ദേശങ്ങൾ വോയ്സ് മെസ്സേജ് (voice message) ആയോ ടൈപ്പ് ചെയ്തു അയയ്ക്കുന്ന സന്ദേശങ്ങളായോ, മായിച്ചുകളയാതെ ഫോണിൽ വച്ചുകൊണ്ട് സ്വന്തം കുടുംബാംഗങ്ങൾ അതു കാണാ

നും കേൾക്കാനും അനുവദിക്കുന്നുണ്ടെങ്കിൽ അത്തരം ചാറ്റിംഗ് മൂലം അവരുടെ മാനസിക ലോകത്തിന് ഹ്രസ്വീകരണം സംഭവിക്കുകയില്ല. രഹസ്യ സംഭാഷണങ്ങളുടെയും രഹസ്യ ചാറ്റിംഗിന്റെയും രസാനുഭൂതി ആസ്വദിക്കാൻ കൗമാരക്കാരായ ആൺകുട്ടികളും പെൺകുട്ടികളും ഭാര്യാ ഭർത്താക്കന്മാരല്ലാത്ത സ്ത്രീകളും പുരുഷന്മാരും ഒരിക്കലും ആഗ്രഹിക്കരുത്, അതിനു തയ്യാറാവുകയുമരുത്.

ഇപ്രകാരം കമ്പ്യൂട്ടറിന്റെയും മൊബൈൽഫോണിന്റെയും ഉപയോഗം നാം ക്രമീകരിച്ചാൽ അത് എപ്പോഴും നന്മയ്ക്കായിത്തന്നെ പ്രയോജനപ്പെടും. അങ്ങനെ നാം ചെയ്യാതെ രഹസ്യ ചാറ്റിംഗിലൂടെയും രഹസ്യ സംഭാഷണങ്ങളിലൂടെയും അവ നാം ദുരുപയോഗം ചെയ്തു തുടങ്ങിയാൽ അതിന്റെ ഫലമായി നമ്മുടെ മാനസികലോകം വികസിച്ചു കൊണ്ടിരിക്കേണ്ടതിനു പകരം ചുരുങ്ങിപ്പോകാൻ ആരംഭിക്കും. ചുരുങ്ങി, ചുരുങ്ങി ഒടുവിൽ ആ ലോകത്തിൽ, ആരുമായി ചാറ്റിംഗും രഹസ്യസംഭാഷണവും നടത്തിക്കൊണ്ടിരിക്കുന്നുവോ ആ ആളിനും ആ ആളിന്റെ കാര്യങ്ങൾക്കുമല്ലാതെ മറ്റാർക്കും മറ്റൊന്നിനും സ്ഥാനമില്ല എന്ന അവസ്ഥയുണ്ടാകും.

സ്ഥാനമുണ്ടായിരിക്കേണ്ട ആളുകൾക്കും അവരുടെ കാര്യങ്ങൾക്കും, നാം തന്നെ ലക്ഷ്യം വെക്കേണ്ട കാര്യങ്ങൾക്കും നമ്മുടെ മാനസികലോകത്തിൽ യാതൊരു സ്ഥാനവുമില്ല എന്നു വരും. ഇപ്രകാരം ചുരുങ്ങിപ്പോയ ഒരു മാനസികലോകം നമ്മിലുണ്ടായാൽ മറ്റു മനുഷ്യർക്കും നമ്മുടെ നന്മയ്ക്കുതകുന്ന കാര്യങ്ങൾക്കു തന്നെയും പ്രാധാന്യം കൊടുത്തുകൊണ്ടു ചിന്തിക്കാൻ കഴിവില്ലാത്ത, ആർക്കും ഒരു നന്മയും ചെയ്യാൻ പ്രാപ്തിയില്ലാത്ത മനുഷ്യരായി നാം രൂപാന്തരപ്പെട്ടുപോകും.

എന്നാൽ മൊബൈൽഫോണും ലാപ്ടോപ്പും ഒന്നും ദുരുപയോഗം ചെയ്യാതെ മാന്യമായ ജീവിതമാണ് നാം നയിക്കുന്നതെങ്കിൽ നമ്മുടെ മാനസികലോകം എല്ലായ്പോഴും വികാസം പ്രാപിച്ചുകൊണ്ടുതന്നെയിരിക്കും. അതിന്റെ ഫലമായി മറ്റുള്ളവരോട് ഇടപെടേണ്ട വിധത്തിൽ ഇടപെടുവാനും നാം ഏർപ്പെടുന്ന നല്ല കാര്യങ്ങളിൽ മറ്റുള്ളവരുടെ സഹകരണം തേടുവാനും അതു നേടുവാനും നമുക്കു സാധിക്കും.

ലോകപ്രശസ്തമായ വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജ് 1900–ത്തിൽ സ്ഥാപിച്ച ഐഡ സ്കഡർ (Ida Scudder) എന്ന ശ്രേഷ്ഠ വനിതയുടെ ജീവചരിത്രം പരിശോധിച്ചാൽ മാനസികലോകത്തിന്റെ വികാസത്തിലൂടെ ആരോഗ്യമുള്ള ഒരു മനസ്സിന്റെ ഉടമയായി തീർന്നാൽ ഒരാൾക്ക് കൈവരിക്കാൻ ഇടവരുന്ന നേട്ടങ്ങൾ എത്ര വലുതാണെന്ന് മനസ്സിലാക്കാൻ സാധിക്കും.

**(തുടരും)**

# ഹബക്കൂക്

## (പുസ്തകപഠനം)

4

### -എംവിഎസ്-

**ഹബക്കൂക് 1:5**

*ജാതികളുടെ ഇടയിൽ ദൃഷ്ടിവച്ചു നോക്കുവിൻ! ആശ്ചര്യപ്പെട്ടു വിസ്മയിപ്പിൻ! ഞാൻ നിങ്ങളുടെ കാലത്ത് ഒരു പ്രവൃത്തി ചെയ്യും. അതു വിവരിച്ചു കേട്ടാൽ നിങ്ങൾ വിശ്വസിക്കയില്ല.*

ദൈവജനം അധഃപതിക്കുമ്പോൾ അവരെ ഉണർത്താനും, മാനസാന്തരപ്പെട്ടില്ലെങ്കിൽ അവരുടെ മേൽ ശിക്ഷ വരുന്നു എന്നറിയിക്കാനും ദൈവം പ്രവാചകന്മാരെ എഴുന്നേൽപ്പിക്കാറുണ്ട്. അത്തരത്തിൽ ഉള്ള ഒരു പ്രവാചകനാണ് ഹബക്കൂക്. തനിക്കു ചുറ്റും അനീതിയും അക്രമവും കൊണ്ട് നിറഞ്ഞ സമൂഹം - അധഃപതിച്ച ആ ദൈവജനത്തിന്റെ അവസ്ഥ കണ്ട് അയ്യം വിളിക്കുന്ന പ്രവാചകനെയാണ് നാം 1-ാംവാക്യത്തിൽ കാണുന്നത്.

1:1-4 വരെ പ്രവാചകന്റെ വാക്കുകളാണ്. സമൂഹത്തിന്റെ പോക്കിൽ മനം നൊന്ത് അദ്ദേഹം ദൈവത്തോടു തന്റെ സങ്കടം പറയുകയാണ്. അതിനുള്ള മറുപടിയാണ് അഞ്ചാംവാക്യത്തിൽ കാണുന്നത്.

**ജാതികളുടെ ഇടയിൽ ദൃഷ്ടിവച്ചു നോക്കുവിൻ!**

യിസ്രായേൽജനം ചെയ്യേണ്ടത് ചുറ്റുമുള്ള ജാതികളുടെ ഇടയിൽ നോക്കണം. ദൃഷ്ടിവച്ച് നോക്കണം. അതായത് ശ്രദ്ധിച്ചുനോക്കണം. അവരുടെ ജീവിതത്തിൽ എന്തെല്ലാം സംഭവിക്കുന്നു എന്നു മനസ്സിലാക്കി അവ സ്വന്തം ജീവിതവുമായി താരതമ്യം ചെയ്യണം. ദൈവജനം എത്ര അനുഗൃഹീതജനമാണെന്നു അപ്പോൾ മനസ്സിലാകും. അവരുടെ ദേവന്മാർ ചെയ്തതായി പറയപ്പെടുന്ന വൻകാര്യങ്ങളും യഹോവ ചെയ്തിട്ടുള്ള വൻകാര്യങ്ങളും താരതമ്യം ചെയ്യുക.

നമ്മുടെ ചുറ്റുമുള്ള ജാതികളുടെ ദേവന്മാർ ചെയ്തതായി അവർ കൊട്ടിഘോഷിക്കുന്ന കാര്യങ്ങൾ ഒന്നു വിലയിരുത്തി നോക്കൂ. സത്യസന്ധനായ മാവേലിയെ ചതിയിലൂടെ ചവിട്ടിത്താഴ്ത്തിയ മഹാവിഷ്ണു; ഭസ്മാസുരന്റെ പക്കൽനിന്നു രക്ഷപ്പെടാനായി ഓടിയ പരമശിവൻ! ദൈവജനം ചുറ്റുമുള്ള ജാതികളുടെ ദേവന്മാരുമായി സ്വന്തം ദൈവത്തെ താരതമ്യം ചെയ്താൽ ആ ദൈവം എത്ര ഉയർന്നവനാണെന്നു കാണാം.

**ആശ്ചര്യപ്പെട്ടു വിസ്മയിപ്പിൻ!**

ചുറ്റുമുള്ള ജാതികളുടെ ഇടയിൽ ദൈവം നടത്തിയിട്ടുള്ള ശിക്ഷകളും ഇവർ കാണണം. അപ്പോൾ ആശ്ചര്യപ്പെട്ടു വിസ്മയിക്കുവാൻ ഇട വരും. മിസ്രയീം, യെരീഹോ, മോവാബ്, അമോര്യർ, ബാശാൻ, ഫെലിസ്ത്യർ, സൊദോം, ഗൊമോറ.... എല്ലായിടത്തും സർവശക്തനായ ദൈവം നടത്തിയിട്ടുള്ള ശിക്ഷാവിധിയുടെ ചരിത്രം ദൈവജനം ഇരുന്ന് പഠിക്കട്ടെ. ദൈവം തന്റെ സ്വന്തം ജനത്തെ എത്രമേൽ സ്നേഹിക്കുന്നുവെന്നു വ്യക്തമാകും.

ദൈവം യിസ്രായേൽമക്കൾക്കുവേണ്ടി മറ്റു ജാതികളെ എന്തിന് നശിപ്പിച്ചു? ആടിനെയും മാടിനെയും ശപഥാർപ്പിതമായി കൊല്ലാൻ പറഞ്ഞു? മറുപടി ഇതാണ്: എല്ലാവരെയും സൃഷ്ടിച്ചത് ദൈവമാണ്. ആ സ്രഷ്ടാവിനെ അനുസരിച്ചും നന്ദിയുള്ളവരുമായി ജീവിക്കാനുള്ള ഉത്തരവാദിത്തം അവർക്കുണ്ടായിരുന്നു. അവർ അതിൽ പരാജയപ്പെട്ടു. അവരെ സൃഷ്ടിച്ച, അവരെ വർദ്ധിപ്പിച്ച, അവർക്ക് ദേശം കൊടുത്ത അതേ ദൈവം അവരെ ഉന്മൂലനം ചെയ്തുകളയുകയാണ്. അത് ദൈവത്തിന്റെ അധികാരത്തിൽപ്പെട്ട കാര്യമാണ്.

യിസ്രായേൽമക്കളുടെ നന്മ നിമിത്തമല്ല ദൈവം ആ ജാതികളെ നീക്കിക്കളഞ്ഞത്. പിന്നെയോ, ആ ജാതിയുടെ ദുഷ്ടത നിമിത്തമാണ് (ആവർത്തനം 9:4,5). യിസ്രായേൽമക്കൾക്കുവേണ്ടി ദൈവം നീക്കിക്കളഞ്ഞ ജാതികൾ ചെയ്തുകൂട്ടിയിട്ടുള്ള ദുഷ്ടതയുടെ ലിസ്റ്റ് ബൈബിളിലുണ്ട്. ആവർത്തനം 18:9–13 വരെയുള്ള വാക്യങ്ങളിൽ അതു കാണാൻ കഴിയും. ലേവ്യർ 18:1–23 വരെയുള്ള ഭാഗത്ത് പൊതുവേദികളിൽ വായിക്കാൻ കൊള്ളാത്ത ചില പാപങ്ങളുടെ വിവരണമാണ് കൊടുത്തിട്ടുള്ളത്. ഇതെല്ലാം ചുറ്റുമുള്ള ജാതികൾ ചെയ്തു പോന്നിരുന്നവയാണെന്നു ലേവ്യർ 18:24–26 ലും കാണുന്നു!

ചുറ്റുമുള്ള ജനത്തോടു ദൈവം ചെയ്തത് കണ്ട് ദൈവജനം ആശ്ചര്യപ്പെടേണ്ടതുണ്ട്.

**ഞാൻ നിങ്ങളുടെ കാലത്ത് ഒരു പ്രവൃത്തി ചെയ്യും**

സ്വന്തജനം പാപവഴിയിലൂടെ നീങ്ങിക്കൊണ്ടിരിക്കുന്നതിനാൽ വിശ്വസിക്കാൻ പ്രയാസമുള്ള തരത്തിലുള്ള ശിക്ഷാവിധി അവരുടെമേൽ വരും. *അതു വിവരിച്ചു കേട്ടാൽ നിങ്ങൾ വിശ്വസിക്കയില്ല* എന്നാണ് പ്രവാചകൻ പറയുന്നത്. എന്റെ ദൈവം എന്നോടു അങ്ങനെ ചെയ്യില്ല എന്നു ഒരു പക്ഷേ അവർ ചിന്തിച്ചേക്കാം. പക്ഷേ ദൈവം അവരുടെ നേരെ ശിക്ഷാവിധിയുടെ വാൾ ഓങ്ങുക തന്നെ ചെയ്യും. **(തുടരും)**

# പെന്തെക്കോസ്തുസഭകളിലെ തമ്പേറടിയും അലർച്ചയും

**ബിലീവേഴ്സ് ജേണൽ എന്ന പെന്തെക്കോസ്തുമാസികയിൽ പ്രസിദ്ധീകരിച്ച ലേഖനം**

## ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

**ചോദ്യം:** പ്രാർത്ഥനായോഗത്തിനു ആകെക്കൂടി സഭാനേതാവിന്റെ കുടുംബാംഗങ്ങളൊഴിച്ച് നാല് പേരാണ് ഉള്ളത്. പക്ഷേ തമ്പേറടിയും അലറിക്കൂവിയുള്ള പ്രസംഗവും കാരണം അയൽക്കാർക്ക് വലിയ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ദൈവത്തിന്റെ പേരിൽ ചെയ്യുന്ന കാര്യങ്ങളായതുകൊണ്ട് ശബ്ദമലിനീകരണത്തിനു പരാതി കൊടുക്കാനും കഴിയുന്നില്ല. സഹിച്ച് ജീവിക്കുകയാണ്. താങ്കളുടെ പ്രതികരണം പ്രതീക്ഷിക്കുന്നു.

**ഉത്തരം:** ഈ വിഷയത്തെക്കുറിച്ച് ഞാനല്പം നിരീക്ഷണം നടത്തി. ചിലരോട് ഇതിന്റെ കാരണങ്ങളും അന്വേഷിച്ചു. അന്വേഷണത്തിൽ വിചിത്രമായ മറുപടികളാണ് കിട്ടിയത്.

1. പണ്ട് കുക്കുസായിപ്പ് തമ്പേറടിച്ചിരുന്നു.

2. തൊഴുത്തിൽ പശുക്കളില്ലെങ്കിൽ തൊഴുത്ത് വൃത്തിയായി കിടക്കും. പശുക്കളുണ്ടെങ്കിൽ തൊഴുത്ത് മലിനമാകും. (വിശ്വാസികളുണ്ടെങ്കിൽ ശബ്ദകോലാഹലം ഉണ്ടാകും എന്നർത്ഥം)

3. രാജാവ് ഉള്ളിടത്ത് രാജകോലാഹലം ഉണ്ടാകും.

### കുക്കുസായിപ്പും തമ്പേറടിയും

ജനസാന്ദ്രതയും ശബ്ദമലിനീകരണങ്ങളും ഇല്ലാത്ത കാലഘട്ടത്തിൽ, മുതിർന്നവർ സ്നാനപ്പെടുന്നത് വലിയ അപരാധമാണെന്നു ചിന്തിച്ചിരുന്നവരുടെ ഇടയിൽ, ആറ്റരികത്ത് സ്നാനം നടക്കുന്നുണ്ടെന്നു അറിയിക്കാൻ കുക്ക് സായിപ്പ് തമ്പേറടിച്ചിരുന്നതായി കേട്ടിട്ടുണ്ട്. അതും ക്രിസ്തീയ ആരാധനയുമായി ഒരു ബന്ധവുമില്ല.

### ഇസ്ലാമിക രാജ്യങ്ങളിലെ വിശ്വാസികളും തമ്പേറും

തീവ്രമായ നിലപാടുകളുള്ള ഇസ്ലാമിക രാജ്യങ്ങളിലെ ക്രിസ്ത്യാനികൾ തമ്പേറ് കണ്ടിട്ടുപോലുമുണ്ടാവില്ല. ഈച്ച പോലും കയറാതെ കത

കടച്ച് ശബ്ദം വെളിയിൽ പോകാതെയാണ് അവർ പ്രാർത്ഥനായോഗം കൂടുന്നത്. ഇവിടെ നാട്ടിൽ അലറുന്നവർ അവിടെച്ചെന്നു വളരെ സൗമ്യമായി പ്രഭാഷണം നടത്താറുണ്ട്. 10 പശുക്കളുള്ള തൊഴുത്തിൽ ഒരു പശുവിനു മാത്രം തിന്നാനുള്ള തീറ്റ ഇട്ടുകൊടുക്കുന്നത് മോശമാണ്. അതുപോലെത്തന്നെ ഒരു പശു മാത്രമുള്ള തൊഴുത്തിൽ 10 പശുവിനുള്ള തീറ്റ ഇട്ടുകൊടുക്കുന്നതും ഭംഗികേടാണ്. (കേൾവിക്കാർക്ക് അരോചകമുണ്ടാകുന്ന വിധം ആത്മീയ ഭക്ഷണം വിളമ്പരുത് എന്നർത്ഥം).

**രാജാവും കോലാഹലവും**

രാജാവ് സഭയിൽ ആസനസ്ഥനാണെങ്കിൽ ആരും ശബ്ദമലിനീകരണം നടത്താറില്ല. നടത്തിയാൽ തല പോകുമെന്നു ഉറപ്പാണ്. ചന്തവും ഉചിതവുമായി മാത്രമേ സംസാരിക്കാൻ പാടുള്ളൂ. കർത്താവ് സഭയിലുണ്ടെങ്കിൽ ന്യായവിധി ഉറപ്പാണ്. അനന്യാസ് സഫീറ ദമ്പതികൾ ഒരു കള്ളം പറഞ്ഞപ്പോൾ ശാരീരിക മരണം സംഭവിച്ചു. സ്വയം ക്രമീകരിക്കാതെ ചിലർ തിരുവത്താഴം ആചരിച്ചപ്പോൾ മരിക്കുകയോ രോഗികളാവുകയോ ചെയ്തു.

**സൗമ്യതയോടെ ആരാധിക്കണം**

സൗമ്യതയുടെ ആത്മാവിൽ, വളരെ ഭംഗിയായി മാത്രമേ പുതിയനിയമ സഭായോഗം നടത്താവൂ എന്നു ദൈവവചനത്തിൽ പറഞ്ഞിട്ടുണ്ട്. ഒരു മനുഷ്യൻ വല്ല തെറ്റിലും അകപ്പെട്ടുപോയാൽ സൗമ്യതയുടെ ആത്മാവിൽ അവനെ യഥാസ്ഥാനപ്പെടുത്തണം (ഗലാത്യർ 6:1). സൗമ്യതയുടെ ആത്മാവുള്ളവരാരും അലറാറില്ല. "നിങ്ങളുടെ സൗമ്യത സകല മനുഷ്യരും അറിയട്ടെ" (ഫിലിപ്പിയർ 4:5).

**പോലീസിൽ പരാതി കൊടുക്കേണ്ടതില്ല**

ഒരുവന്റെ ആത്മീയ അനുഷ്ഠാനം മറ്റവന് ആശ്വാസമായി മാറണം എന്ന സാമാന്യബോധം അധികം താമസിയാതെ തമ്പേറടിയും അലർച്ചയുമായി ആരാധിക്കുന്നവർക്ക് ഉണ്ടാകുമെന്നു പ്രതീക്ഷിക്കാം. പരാതി തത്കാലം കൊടുക്കാതിരിക്കുക. പരാതി കൊടുത്താൽ പോലീസും കോടതിയും അവരെ പീഢിപ്പിച്ചു എന്നു പറഞ്ഞ് നിർമ്മല ഹൃദയമുള്ളവരായ വിശ്വാസികളിൽ നിന്ന് അതിന്റെ പേരിൽ സഹതാപം തേടും. കോടതിച്ചെലവിനുള്ള പിരിവും ഉണ്ടാകും.

**ശബ്ദമലിനീകരണം നിർത്തുക**

പ്രാർത്ഥനായോഗങ്ങളിൽ ശബ്ദമലിനീകരണം നടത്തുക വഴി, സഭായോഗം അപ്പൊസ്തലിക കല്പനകൾക്കു വിപരീതമായി നടത്തുക വഴി,

നിരീശ്വരവാദികളും സുവിശേഷവിരോധികളും യോഗങ്ങളെ എതിർക്കുകയും അലങ്കോലപ്പെടുത്തുകയും ചെയ്യാറുണ്ട്. അവർ സത്യദൈവത്തെ എതിർക്കുകയാണെന്നു നാം ധരിക്കരുത്. അങ്ങനെ പ്രചരിപ്പിക്കരുത്. നമ്മുടെ പരിജ്ഞാനക്കുറവിനെയും പിടിപ്പുകേടിനേയും ആണ് മിക്കപ്പോഴും അവർ എതിർക്കുന്നത്.

**മനസ്സു പുതുക്കി രൂപാന്തരപ്പെടുക**

ദിവസവും മനസ്സു പുതുക്കി രൂപാന്തരപ്പെടാത്തവരെല്ലാം (മനസ്സിന് മാറ്റം വരാത്തവരെല്ലാം) വിശ്വാസികളായാലും അവിശ്വാസികളായാലും തങ്ങൾ ചെയ്യുന്നത് ശരിയാണെന്ന ബോദ്ധ്യത്തിലാണ് ചെയ്യുന്നത്. അലറുന്നവന്റെ വിചാരം തന്റെ അലർച്ച് ദൈവത്തിനിഷ്ടമാണെന്നാണ്.

ദൈവത്തിലും മരണാനന്തരജീവിതത്തിലും വിശ്വാസമില്ലാത്തയാളും മുൻമുഖ്യമന്ത്രിയുമായ ശ്രീ. നായനാർ ഒരിക്കൽ ചോദിച്ചു. "ആരാധനാലയത്തിൽ സർവശക്തനായ ഭഗവാൻ ഉണ്ടെങ്കിൽ എന്തിന് അവിടെ പാറാവ് നിൽക്കണം? ആരാധനാലയത്തിന്റെ മുകളിൽ ഇടിവെട്ടാതിരിക്കാൻ ഇടിമിന്നൽ രക്ഷാകവചം എന്തിന് സ്ഥാപിക്കണം? ഭഗവാന് ഇടിമിന്നലിനെ പേടിയോ?" അദ്ദേഹത്തിന്റെ യുക്തിചിന്തയിൽ അത് ശരിയായ ചോദ്യമാണ്.

ഒരുവന്റെ മുൻകാല അനുഭവങ്ങളും ഇപ്പോഴത്തെ ചിന്താഗതികളും സ്വാധീനങ്ങളുമാണ് അവന്റെ ഇപ്പോഴത്തെ വാക്കുകളും പ്രവർത്തികളും പ്രതിഫലിപ്പിക്കുന്നത്. നമ്മിലും സമൂഹത്തിലും ദൈവത്തിന്റെ പരിജ്ഞാനത്തിനെതിരായി ഉയർന്നുപൊങ്ങുന്ന വിചാരങ്ങളും സങ്കല്പങ്ങളും ക്രിസ്തുവിനോടുള്ള അനുസരണത്തിനായി കീഴടക്കണമെങ്കിൽ (2 കൊരിന്ത്യർ 10:5) നമ്മിൽ മാറ്റം ആവശ്യമാണ്. ദൈവരാജ്യത്തിനുവേണ്ടിയാണ് പ്രവർത്തനമെങ്കിലും നാം തൻകാര്യക്കാരനാണെങ്കിൽ മറ്റുള്ളവന് നമ്മുടെ പ്രവർത്തനം കൊണ്ട് ഉണ്ടാകുന്ന ബുദ്ധിമുട്ട് നാം പരിഗണിക്കാറില്ല.

കർത്താവിന്റെ ഇഷ്ടപ്രകാരമുള്ള സഭായോഗം എന്നാണ് നാം കൂടുന്നത്? ധന്യനായ ഏകാധിപതിയായ രാജാധിരാജൻ സന്തോഷത്തോടെ നമ്മുടെ ഇടയിൽ എന്നാണ് ആസനസ്ഥനാകുന്നത്? ❍

**ഈ മാസികയെക്കുറിച്ചുള്ള നിങ്ങളുടെ പ്രതികരണങ്ങൾ അറിയിക്കുക. sms ആയോ, email ആയോ WhatsApp ആയോ അറിയിക്കാം. ഫോണിലൂടെ വിളിച്ചറിയിക്കാം. WhatsApp ൽ വോയ്സ് മെസേജ് അയയ്ക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.**

എംവിഎസ്

# ഷൈവൻസ്കുലർ

## 17

### തമ്മിലടിയും നഷ്ടങ്ങളും

തമ്മിലടിയിലൂടെ നഷ്ടങ്ങൾ മാത്രമേ ഉണ്ടാകൂ എന്നു ഇനിയും തിരിച്ച റിയാത്തവരുണ്ട്. പരസ്പരം കലഹിച്ചതു നിമിത്തം അതുവരെ ഉണ്ടായിരുന്ന നിലയും വിലയും നഷ്ടപ്പെടുത്തിയവരുണ്ട്. 2022 മെയ് 1–ാം തീയതിയിലെ ഒരു പത്രവാർത്ത ഇപ്രകാരമായിരുന്നു:

> കെഎസ്ഇബി: അംഗീകാരം സിഐടിയു യൂണിയന് മാത്രം. കെഎസ്ഇബി ഹിതപരിശോധനയിൽ 53.42% വോട്ട് നേടിയ സിഐടിയു അംഗീകാരമുള്ള ഏകയൂണിയനായി. എഐടിയുസി, ഐൻടിയുസി എന്നീ യൂണിയനുകൾക്ക് ഇതുവരെയുണ്ടായിരുന്ന അംഗീകാരം നഷ്ടപ്പെട്ടു. കെ.പി. ധനപാലൻ, ആർ. ചന്ദ്രശേഖരൻ വിഭാഗങ്ങളുടെ തമ്മിലടിയാണ് ഐൻടിയുസിയുടെ തോൽവിക്ക് കാരണമായത്.

ഐൻടിയുസിയുടെ അംഗീകാരം പരസ്പരകലഹം നിമിത്തം നഷ്ടപ്പെടുത്തി. ധനപാലനും ചന്ദ്രശേഖരനും ഒരുമിച്ചു നിന്നിരുന്നുവെങ്കിൽ, ആ അംഗീകാരം നഷ്ടപ്പെടില്ലായിരുന്നു എന്നാണ് അവർ ഇരുവിഭാഗത്തിനും ലഭിച്ച വോട്ടുകൾ തെളിയിക്കുന്നത്. കോൺഗ്രസിന്റെ നേതാക്കൾ ഇരുവിഭാഗത്തെയും ഒന്നിപ്പിക്കാൻ ശ്രമം നടത്തി നോക്കിയെങ്കിലും ഫലമുണ്ടായില്ല. പ്രസ്ഥാനമുണ്ടെങ്കിലേ തങ്ങൾക്ക് വിലയും നിലയും ഉള്ളൂ എന്നു മനസ്സിലാക്കാത്ത മണ്ടന്മാരുടെ ചെവിയിൽ വേദമോതിയിട്ട് എന്തു കാര്യം?

സഭകളിലും ഇത്തരം രീതികൾക്ക് പഞ്ഞമില്ല. തമ്മിലടി നിമിത്തം എത്ര സഭാഹാളുകൾ അടഞ്ഞുകിടക്കുന്നു! എത്ര പേർ വിശ്വാസത്തിൽനിന്നും അകന്നുപോയിരിക്കുന്നു! എത്ര പോലീസ്കേസുകൾ! കോടതികൾ കയറിയിറങ്ങി ദൈവമക്കൾ നടക്കുന്നു. സ്ഥാനമാനങ്ങളുടെ പേരിലും അംഗീകാരത്തിന്റെ പേരിലും പോരു മുറുകും; പിന്നീട് ഗ്രൂപ്പിസമായി. നുണകളാണ് ആയുധങ്ങൾ. പ്രാർത്ഥനയിലും ദൈവവചനശുശ്രൂഷയിലും പരസ്പരം കുത്തിമുറിവേൽപ്പിക്കും. ഒടുവിൽ അടിച്ചുപിരിയും. പിന്നെ ഹാളിനും സ്ഥലത്തിനും സാധനങ്ങൾക്കുംവേണ്ടിയുള്ള തർക്കമായി. പോലീസ്സ്റ്റേഷൻ, കോടതി.... അങ്ങനെ ദൈവനാമം വളരെയധികം ദുഷിക്കപ്പെടുന്നു.

ആനയുണ്ടെങ്കിലേ തങ്ങൾക്കു ജോലിയുള്ളൂ എന്നു മനസ്സിലാക്കാതെ തമ്മിലടിക്കുകയും ആനയുടെ കാര്യം ശ്രദ്ധിക്കാതിരിക്കുകയും ചെയ്യുന്ന പാപ്പാന്മാരുടെ കാര്യം കഷ്ടം തന്നെ. ❍

-എംവിഎസ്-

## മൂലക്കുരുവിനുള്ള ഒറ്റമൂലി തേടി!
### (ഒരു പാവം പാരമ്പര്യവൈദ്യന്റെ കൊലപാതകം)

ഷാബാ ഷെരിഫ്....

അദ്ദേഹത്തിനു 60 വയസ്സുണ്ടായിരുന്നു. മൈസൂരിൽ മൂലക്കുരുവിനു ചികിത്സിക്കുന്ന പാരമ്പര്യവൈദ്യനായിരുന്നു അദ്ദേഹം. ആർക്കും ഒരു ദോഷവും ചെയ്യാതെ ലളിതമായ ജീവിതം നയിച്ചുപോന്നു. മൂലക്കുരുവിന്റെ ചികിത്സ തേടി വന്നവർക്കെല്ലാം അദ്ദേഹത്തിന്റെ ഒറ്റമൂലിപ്രയോഗത്തിലൂടെ സൗഖ്യം ലഭിച്ചു. പാരമ്പര്യമായി തലമുറകളിലേക്ക് പകരുന്നതാണ് ഈ ഒറ്റമൂലി. ഈ ലോകത്ത് അദ്ദേഹത്തിനു മാത്രം അറിയാവുന്നതാണ് ആ അത്ഭുത മരുന്നുകൂട്ട്.

നിലമ്പൂരുള്ള ചില ചെന്നായ്ക്കൾക്ക് ആ മരുന്നുകൂട്ടിന്റെ രഹസ്യം അറിയണം. അവരിൽ ഒരാൾ ഷാബാ ഷെരീഫിന്റെ അടുത്ത് മൂലക്കുരുവിനുള്ള ചികിത്സ തേടിയിരുന്നു. സുഖം പ്രാപിക്കുകയും ചെയ്തു. അതോടെയാണ് അവരുടെ കഴുകൻകണ്ണുകൾ ഷാബാഷെരീഫിൽ പതിഞ്ഞത്. ആ മരുന്നുകൂട്ടിന്റെ രഹസ്യം അറിയണം. അതിനുശേഷം ആ മരുന്നു ഉണ്ടാക്കി കച്ചവടം ചെയ്ത് കാശുണ്ടാക്കണം. ഇതായിരുന്നു പ്ലാൻ.

അതിനുവേണ്ടി പാരമ്പര്യവൈദ്യനെ ലോഡ്ജിലേക്ക് കൂട്ടിക്കൊണ്ടുവന്നു. പിന്നീട് മുഖ്യപ്രതിയുടെ നിലമ്പൂരുള്ള ആഡംബരവീട്ടിലേക്കും കൊണ്ടുവന്നു. 2019 ഓഗസ്റ്റിലാണ് സംഭവം നടക്കുന്നത്. ഷാബാ ഷെരീഫ് മൂലക്കുരുവിന്റെ ആ രഹസ്യ മരുന്നുകൂട്ട് വെളിപ്പെടുത്താൻ തയ്യാറായില്ല. മുഖ്യപ്രതിയുടെ മനോഹരമായ വീടിന്റെ ഒന്നാം നിലയിൽ അദ്ദേഹത്തെ തടവിൽ പാർപ്പിച്ചു. പിന്നീട് നടന്നത് ക്രൂരമർദ്ദനങ്ങളായിരുന്നു. പക്ഷേ ഷാബാ ഷെരീഫ് ആൺകുട്ടിയായിരുന്നു. ആ രഹസ്യം അദ്ദേഹം വെളിപ്പെടുത്തിയില്ല.

2020 ഒക്ടോബറിൽ ക്രൂരമർദ്ദനത്തെത്തുടർന്ന് ആ പാവം നാട്ടുവൈദ്യൻ കൊല്ലപ്പെട്ടു. ഒരു വർഷത്തിലധികം അദ്ദേഹം അനുഭവിച്ച മാനസിക, ശാരീരിക പീഡനങ്ങൾ വിവരിക്കുക വളരെ പ്രയാസമാണ്. സ്വന്തം കുടുംബത്തെ കാണാതെ അദ്ദേഹം എത്ര വിഷമിച്ചിരിക്കാം. അദ്ദേഹത്തെ

കാണാതെ അദ്ദേഹത്തിന്റെ കുടുംബവും വിഷമിച്ചു. കുടുംബത്തിന്റെ ഏകവരുമാനവും നിലച്ചു. പണക്കൊതി കാരണം അന്ധത ബാധിച്ച ചെന്നായ്ക്കൂട്ടം പക്ഷേ ഇതൊന്നും മനസ്സിലാക്കിയില്ല.

അതിദാരുണമായി കൊല്ലപ്പെട്ട ആ പാരമ്പര്യവൈദ്യന്റെ മൃതശരീരം ഇറച്ചി നുറുക്കുന്നതുപോലെ അവർ വെട്ടിനുറുക്കി, ചാക്കിലാക്കി, ചാലി യാർ പുഴയിൽ തള്ളി. സ്വസ്ഥം... സമാധാനം... ആരും സാക്ഷികളില്ല. തെളിവ് നശിപ്പിക്കുന്നതിന്റെ ഭാഗമായി മുഖ്യപ്രതി റൂമിലെ ടൈൽസ് മാറ്റി പുതിയത് വിരിച്ചു. ആരും ഒന്നും അറിഞ്ഞില്ല. ഈ ക്രൂരമായ പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിയതിൽ ചെന്നായ്ക്കൂട്ടം സന്തോഷിച്ചു കാണും. ഒരു ഈച്ചക്കുഞ്ഞ് പോലും അറിയാതെയാണ് ആ പാവത്തെ വെട്ടിനുറുക്കി പുഴയിൽ എറിഞ്ഞത്.

രണ്ടു വർഷം ഇതൊന്നും അറിയാത്ത പോലെ ചാലിയാർ പുഴ ഒഴുകി. പക്ഷേ 2022 ൽ, ചെന്നായ്ക്കൂട്ടത്തിൽ പിളർപ്പ് സംഭവിച്ചു. അവർ തമ്മിൽ പിണങ്ങി. പരസ്പരം ശത്രുക്കളായി. അങ്ങനെ രണ്ടു വർഷം മുമ്പ് ഒരുമയോടെ ആസൂത്രണം ചെയ്ത ആ കൊലപാതകത്തിന്റെ ചുരുൾ അഴിഞ്ഞു. ഷാബാ ഷെരീഫ് എന്ന പാവം മനുഷ്യന്റെ ദാരുണ മായ അന്ത്യത്തെക്കുറിച്ചും കൊലയാളികളെക്കുറിച്ചും എല്ലാവരും അറിഞ്ഞു. തെമ്മാടിക്കൂട്ടം അറസ്റ്റിലായി.

നിരവധി പേർക്ക് ആശ്വാസമേകിയ ആ രഹസ്യമരുന്നുകൂട്ട് ഷാബാ ഷെരീഫിന്റെ കൊലപാതകത്തോടുകൂടി ആർക്കും അറിയാതെ നഷ്ട പ്പെട്ടു എന്നതാണ് മറ്റൊരു ദുഃഖവാർത്ത. മൂലക്കുരുവിനുള്ള ആ ഒറ്റമൂലി ഇനി ആർക്കും അറിഞ്ഞുകൂടാ. ആ മരുന്നുകൂട്ടിനാൽ ഇനി ആർക്കും സൗഖ്യം വരികയില്ല. ആഡംബരവീട്ടിൽ അന്തിയുറങ്ങിയവർക്ക് ഇനി കുറച്ചുകാലം തറയിൽ പായ് വിരിച്ചു കിടക്കേണ്ടിവരും. ഷാബാ ഷെരീ ഫിന്റെ കുടുംബക്കാരുടെ തോരാത്ത കണ്ണീരിന്റെ ശാപം അനുഭവിച്ച് ശിഷ്ടകാലം ജീവിക്കേണ്ടിവരും.

ഈ സംഭവം നൽകുന്ന പാഠങ്ങൾ താഴെപ്പറയുന്നവയാണ്:

(1) പണക്കൊതി മൂലം മനുഷ്യൻ വിവേകവും സ്നേഹവും നഷ്ട പ്പെട്ട് ക്രൂരന്മാരാകുന്നു; (2) അടിച്ചും ഇടിച്ചും തൊഴിച്ചും ഒരാളെക്കൊണ്ട് എന്തും സമ്മതിപ്പിക്കാമെന്നു കരുതരുത്. മർദ്ദനത്തിന്റെ വേദന സഹിക്കാ നാവാതെ ചില പാവങ്ങൾ പെട്ടെന്നു കീഴടങ്ങിയെന്നു വരും. എങ്കിലും ചില 'ആൺകുട്ടികൾ' അതങ്ങ് സഹിച്ചു നിൽക്കും - മരണം വരെ; (3) എത്ര രഹസ്യമായി ആസൂത്രണം ചെയ്തു നടപ്പിലാക്കിയാലും ഒരി ക്കൽ അത് വെളിപ്പെടും. ❍

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2020-22
Licence No. KL/CR/TCR/WPP-02/2020-22
Licensed to Post Without Prepayment.

Published on
17th June 2022

Posted at
Thrissur RMS

**ആനുകാലികം**

## പുലിയുടെ ആക്രമണം: രണ്ടു പശുക്കിടാങ്ങൾ ചത്തു!

കാലടി പ്ലാന്റേഷൻ രണ്ടാം ബ്ലോക്കിൽ തോട്ടം തൊഴിലാളികളുടെ 2 കന്നുകാലികളെ പുലി പിടികൂടി. ആദ്യം ഒന്നിനെ പിടിച്ചു. അപ്പോഴേക്കും ആളുകൾ ഒച്ചവച്ചു. അപ്പോൾ പുലി അതിനെ ഉപേക്ഷിച്ച് ഓടി. തുടർന്ന് റോഡരികിൽ കണ്ട മറ്റൊരു പശുക്കിടാവിനെ പിടിച്ചു. നാട്ടുകാർ ബഹളം വച്ചതുകൊണ്ട് അതിനെയും ഉപേക്ഷിച്ചു പുലി ഓടിക്കളഞ്ഞു. രണ്ടു പശുക്കിടാങ്ങളും ചത്തു. (2022 മെയ് 14 ലെ പത്രവാർത്ത).

ഫോറസ്റ്റ് ഉദ്യോഗസ്ഥർ എവിടെ? ഒരു പാവം പുലിക്ക് അത് കൊന്ന രണ്ടു പശുക്കിടാങ്ങളെയും തിന്നാൻ കൊടുക്കാതെ ആ പുലിയെ ഓടിച്ചുകളഞ്ഞ ക്രൂരന്മാരായ നാട്ടുകാർക്കെതിരെ കേസ് എടുക്കണം. ഹോ! രോഷം കൊണ്ട് എന്റെ ചോര തിളയ്ക്കുന്നു. എന്തൊരു നാട്ടുകാരാണ് ഇവർ? പുലിയുടെ വിശപ്പിന്റെ വേദന മനസ്സിലാക്കാൻ കഴിയാത്തവർ!

എനിക്ക് ആ ദുഷ്ടന്മാരായ നാട്ടുകാരോട് ഒന്നേ പറയാനുള്ളൂ. മേലാൽ ഇത്തരം ദുഷ്ടത കാണിക്കരുത്. നിങ്ങളുടെ വിളവുകൾക്കുചുറ്റും വേലി കെട്ടി കാട്ടുപന്നി നിങ്ങളുടെ വിളവ് തിന്നുന്നത് തടയരുത്. നിങ്ങളുടെ നാൽക്കാലികളെ പുലികൾ ആക്രമിക്കുമ്പോൾ പുലികൾക്ക് വേണ്ട ഒത്താശ ചെയ്തുകൊടുക്കണം. ആന പറമ്പിലേക്ക് വന്നാൽ പാട്ട കൊട്ടി അതിനെ ഓടിക്കരുത്. പുലി ഏതെങ്കിലും മനുഷ്യനെ ആക്രമിച്ചാൽ ഒരിക്കലും ആ മനുഷ്യനെ രക്ഷിക്കാൻ നോക്കരുത്. മനുഷ്യനെ രക്ഷിക്കാനുള്ള ശ്രമത്തിൽ പുലിയെങ്ങാനും ചത്തുപോയാൽ നമ്മുടെ ഫോറസ്റ്റേമാന്മാർക്ക് സങ്കടം സഹിക്കൂല, കേട്ടോ. എനിക്കു വയ്യ മക്കളേ, ഫോറസ്റ്റേമാന്മാരുടെ വെഷമം കാണാൻ.

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V